# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 890 02/12/2015 ലെ മറുപടിയ്ക്ക്

### കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം.ഹംസ | ശ്രീ.പി.ജെ.ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ മുനിസിപ്പാലിറ്റി കുടിവെള്ള പദ്ധതിയായ UIDSSMT യുടെ കാലിക സ്ഥിതി വിശദീകരിക്കുമോ ; ഏതെല്ലാം ജോലികൾ പൂർത്തീകരിക്കുവാനുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ; | (എ) UIDSSMT ഒറ്റപ്പാലം കുടിവെള്ള പദ്ധതിക്കായി 04.11.2009 ൽ 1800 ലക്ഷം രൂപയും 21.01.2014 ൽ 3000 ലക്ഷം രൂപയുമുള്ള പുതുക്കിയ ഭരണാനുമതിയും തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ഒഴികെയുള്ള പണി പൂർത്തീകരിച്ചു. ഈ പദ്ധതികളിൽ ഉൾപ്പെടുത്തി അസംസ്കൃത ജലവാഹിനിക്കുഴലുകൾ, ജലശുദ്ധീകരണ ശാല, ശുദ്ധജലവാഹിനിക്കുഴലുകൾ, റോ വാട്ടർ പമ്പ് സെറ്റുകൾ, ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ, സോൺ I, II, III, IV എന്നിവിടങ്ങളിലേയ്ക്കുള്ള വിതരണ ശൃംഖല എന്നിവ പൂർത്തീകരിച്ചു. റോ വാട്ടർ പമ്പ് ഹൗസിലേയ്ക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് റെയിൽവേ ക്രോസ്സിംഗ് അനുമതിയ്ക്കായി കേരള വാട്ടർ അതോറിറ്റി 47.10 ലക്ഷം രൂപ കെ.എസ്.ഇ.ബി യിലേയ്ക്ക് നിക്ഷേപിച്ചിട്ടുണ്ട്. റെയിൽവേ അനുമതി ലഭ്യമാക്കി കെ.എസ്.ഇ.ബി വൈദ്യുതികണക്ഷൻ നൽകേണ്ടതുണ്ട്.<br><br>ടി പദ്ധതിയുടെ ഒരു പ്രധാന ഘടകമാണ് ഭാരതപ്പുഴയിലെ കുട്ടിലമുക്ക് എന്ന സ്ഥലത്ത് നിർമ്മിക്കേണ്ടിയിരുന്ന തടയണ. ഈ സ്ഥലത്ത് ജലസേചന വകുപ്പ് മറ്റൊരു തടയണ നിർമ്മിക്കുന്നതിനാൽ ഈ തടയണ ആവശ്യമായി വരുന്നില്ല. ജലസേചനവകുപ്പിന്റെ തടയണയുടെ പൂർത്തീകരണത്തിന് ആവശ്യമായി വരുന്ന ബാക്കി തുക UIDSSMT പദ്ധതിയിൽ ഇതിനുവേണ്ടി ഉൾക്കൊള്ളിച്ചിരിക്കുന്ന തുകയിൽ നിന്നും ജലസേചന വകുപ്പിന് അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കെ.എസ്.യു.ഡി.പി ആണ് ഈ തുക ജലസേചനവകുപ്പിന് കൈമാറുന്നതിനുവേണ്ട നടപടി കൈക്കൊള്ളേണ്ടത്. |

(ബി) ശ്രീകൃഷ്ണപുരം, കരിമ്പുഴ, തച്ചനാട്ടുകര കുടിവെള്ള പദ്ധതികളുടെ കാലിക സ്ഥിതി വിശദമാക്കാമോ ; എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും ; വിശദാംശം ലഭ്യമാക്കുമോ ?

(ബി) ശ്രീകൃഷ്ണപുരം, കരിമ്പുഴ എന്നീ പദ്ധതികളുടെ കാലിക സ്ഥിതി അനുബന്ധമായി ചേർത്തിരിക്കുന്നു. തച്ചനാട്ടുകര, കോട്ടോപ്പാടം, അലനെല്ലൂർ എന്നീ മൂന്നു പഞ്ചായത്തുകളെ ഉൾപ്പെടുത്തി ഒരു സമഗ്ര കുടിവെള്ള പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഈ കുടിവെള്ള പദ്ധതിയുടെ സർവ്വേ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. തച്ചനാട്ടുകര, കോട്ടോപ്പാടം എന്നീ പഞ്ചായത്തുകളിൽ നിന്നും പദ്ധതി ഘടകങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാക്കാമെന്നുള്ള തീരുമാനം കേരള വാട്ടർ അതോറിറ്റിക്ക് ലഭിച്ചിട്ടുണ്ട്. അലനെല്ലൂർ പഞ്ചായത്തിന്റെയും കൂടി തീരുമാനം ലഭ്യമായാൽ ടി കുടിവെള്ള പദ്ധതിക്കായുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | | പദ്ധതിയുടെ പേര് | ശേഷി | ഭരണാനുമതി തുക (ലക്ഷത്തിൽ) | പ്രയോജനം ലഭിക്കുന്ന ജനസംഖ്യ | പ്രവർത്തനപുരോഗതി |
|---|---|---|---|---|---|---|
| 1 | കരിമ്പുഴ ശുദ്ധജലവിതരണ പദ്ധതി | നബാർഡ് - കരിമ്പുഴ ശുദ്ധജലവിതരണ പദ്ധതി | 4 എം.എൽ.ഡി | 1267.93 | 51248 | പണി പൂർത്തീകരിച്ചു. പഴയ എ.സി പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവർത്തി എൻ.ആർ.ഡി. ഡബ്ല്യു.പിയിൽ ഉൾപ്പെടുത്തി പണി പൂർത്തീകരിച്ചു. പദ്ധതി കമ്മീഷൻ ചെയ്യാൻ തയ്യാറായിട്ടുണ്ട്. |
| | | എൻ.ആർ.ഡി. ഡബ്ല്യു.പി-2013 -കരിമ്പുഴ ശുദ്ധജലവിതരണ പദ്ധതി - പഴകിയ എ.സി പൈപ്പ് മാറ്റി ഡി.ഐ.പൈപ്പ് സ്ഥാപിക്കൽ | 4 എം.എൽ.ഡി | 480.00 | 51248 | പണി പൂർത്തിയായി. പദ്ധതി കമ്മീഷൻ ചെയ്യാൻ തയ്യാറായിട്ടുണ്ട്. |
| | | എൻ.ആർ.ഡി. ഡബ്ല്യു.പി-2014 - കരിമ്പുഴ ശുദ്ധജലവിതരണ പദ്ധതി - വിതരണശൃംഖല ദീർഘിപ്പിക്കൽ | 4 എം.എൽ.ഡി | 500.00 | 51248 | ടി പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കേണ്ട 75.78കി.മീ വിതരണശൃംഖലയിൽ 65കി.മീ പണി പൂർത്തീകരിച്ചു. |
| 2 | ശ്രീകൃഷ്ണപുരം ശുദ്ധജലവിതരണ പദ്ധതി | നബാർഡ് ശ്രീകൃഷ്ണപുരം, കടമ്പഴിപ്പുറം, വെള്ളിനേഴി പൂക്കോട്ടുകാവ് പഞ്ചായത്തുകൾക്കു വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി | 11 എം.എൽ.ഡി | 3124.11 | 142161 | പണി പൂർത്തീകരിച്ചു. 91 കി.മീ വിതരണശൃംഖലയാണ് നബാർഡിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചത്. ബാക്കി 97 കി.മീ വിതരണശൃംഖല എൻ.ആർ.ഡി. ഡബ്ല്യു.പിയിൽ ഉൾപ്പെടുത്തി പണി പൂർത്തീകരിച്ചു. പദ്ധതി കമ്മീഷൻ ചെയ്യാൻ തയ്യാറായിട്ടുണ്ട്. |
| | | എൻ.ആർ.ഡി. ഡബ്ല്യു.പി-2013 - ശ്രീകൃഷ്ണപുരം ശുദ്ധജലവിതരണ പദ്ധതി അഭിവൃദ്ധിപ്പെടുത്തൽ - വിതരണശൃംഖല | 11 എം.എൽ.ഡി | 800.00 | 142161 | പണി പൂർത്തിയായി. പദ്ധതി കമ്മീഷൻ ചെയ്യാൻ തയ്യാറായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ